# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.255/2025** **തിരുവനന്തപുരം, തീയതി. 25.11.2025**

# പത്രക്കുറിപ്പ്

## വൈവ പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല അരുവിക്കര ജി.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് കോളേജ് 2025 നവംബർ 26 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എംബിഎ ഫുൾടൈം, ജൂലൈ 2025 (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2022 അഡ്മിഷൻ) വൈവ പരീക്ഷ 2025 നവംബർ 28 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഒന്ന്, രണ്ട് സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2023 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 – 2021 അഡ്മിഷൻ) ജനുവരി 2026 പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എംഎ/എംഎസ്‌സി/എംകോം/എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎച്ച്ആർഎം/എംടിടിഎം (ന്യൂജെനറേഷൻ കോഴ്സുകൾ ഉൾപ്പെടെ) (റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2023 & 2022 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2025 ഡിസംബർ 01 വരെയും 150/- രൂപ പിഴയോടെ ഡിസംബർ 04 വരെയും 400/- രൂപ പിഴയോടെ ഡിസംബർ 06 വരെയും **www.slcm.keralauniversity.ac.in** പോർട്ടൽ മുഖേന ഓൺലൈനായി മാത്രം രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ബിആർക്ക് കമ്പൈൻഡ് ഒന്ന്, രണ്ട് മുതൽ പത്ത് വരെയുള്ള സെമസ്റ്ററുകളുടെ (2013 സ്കീം – 2013, 2014, 2015 അഡ്മിഷൻ) ഡിസംബർ 2025, സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ 2025 നവംബർ 26 ന് ആരംഭിക്കുന്നു. പിഴകൂടാതെ 2025 ഡിസംബർ 03 വരെയും 150/- രൂപ പിഴയോടെ ഡിസംബർ 06 വരെയും 400/- രൂപ പിഴയോടെ ഡിസംബർ 09 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബിടെക് സപ്ലിമെന്ററി (2013 സ്കീം – 2014 അഡ്മിഷൻ മാത്രം), ഏപ്രിൽ 2025 പ്രാക്ടിക്കൽ പരീക്ഷ 13707 – കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് ഇന്റർഫേസിംഗ് ലാബ്, 13708 – ഓപ്പറേറ്റിംഗ് സിസ്റ്റംസ് ആന്റ് നെറ്റ്‌വർക്ക് പ്രോഗ്രാമിംഗ് ലാബ് (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച്) 2025 നവംബർ 28 ന് കൊല്ലം ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) ഡിസംബർ 2025 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (2022 & 2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) ഡിസംബർ 2025 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**